പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

(3) 1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ†

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സ്പീക്കർ സർ, 1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ ഞാൻ ഈ സഭയിൽ നേരത്തേ അവതരിപ്പിച്ചതാണ്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും സ്വകാരയ വൽക്കരണവുമൊക്കെ നമ്മുടെ മുദ്രാവാക്യമായി മാറിയ ഒരു കാല ഘട്ടത്തിലാണ് നാം മുന്നോട്ടുപോകുന്നത്. ഈ സാഹചര്യത്തിൽ ഒരു സ്വകാര്യ സംരംഭത്തിനെതിരായിട്ടുള്ള ഒരു നീക്കമായി ഇതിനെ കാണേണ്ട തില്ല എന്നാണ് എന്റെ അഭിപ്രായം. സ്വകാര്യ ആശുപത്രിക്ക് പൂർണ്ണമായും എതിരായതുകൊണ്ടല്ല. ഈ രംഗത്ത് ചില നിയന്ത്രണങ്ങൾ അനിവാര്യമാ ണെന്ന ബോധ്യമാണ് ഈ ബിൽ ഈ സഭയിൽകൊണ്ടുവരാൻ എന്നെ പ്രേരി പ്പിച്ചത്. ആതുരസേവനം വളരെ മഹത്തായ ഒരു കർമ്മപഥമാണ്. ഉയർന്ന കർമ്മബോധവും ജീവകാരുണ്യ മനോഭാവവുമൊക്കെ നിറഞ്ഞു നിൽക്കുന്ന ഒരു സേവനരംഗമാണിത്. നമ്മുടെ നാട്ടിൽ മിഷണറി പ്രവർത്തനവുമായി വന്നിട്ടുള്ള മഹാൻമാരായിട്ടുള്ള ആളുകൾ അവരുടെ പ്രവർത്തനങ്ങളുടെ ഭാഗ മായി ആതുരസേവന രംഗത്തേയും കാണുകയുണ്ടായി. ലോകം ബഹുമാനി ക്കുന്ന മഹാൻമാരായിട്ടുള്ള പല വ്യക്തികളും, മദർ തെരേസ ഉൾപ്പെടെ ആതുര സേവന രംഗത്ത് നിറഞ്ഞുനിൽക്കുന്ന പ്രതീകങ്ങളാണ്. അത്തരത്തി ലുള്ള ഒരു മേഖലയിൽ ലാഭേച്ഛയോടുകൂടി കച്ചവടക്കണ്ണോടുകൂടി കടന്നുവ രുന്ന ആളുകൾ സൃഷ്ടിക്കുന്ന പ്രശ്നമാണ് ഇത്തരമൊരു നിയമമുണ്ടാക്കണ മെന്ന് ഞാൻ പറയുവാൻ കാരണം. മറ്റേതൊരു സേവന മേഖലയിലുമെന്ന പോലെ ചികിൽസാ രംഗത്തും സ്വകാര്യ സംരംഭകരുടെ കടന്നുകയറ്റം കേരള ത്തിൽ വളരെ കൂടുതലാണ്. സേവനമെന്ന വാക്കിനെ അന്വർത്ഥമാക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും സേവനമെന്ന ആശയത്തെത്തന്നെ തിരസ്ക്കരിക്കുന്ന പ്രവർത്തനങ്ങളാണ് ഭൂരിപക്ഷം സ്വകാര്യ ആശുപത്രികളിലും നിലനിൽക്കുന്നത്. തികച്ചും സാമ്പ ത്തികാധിഷ്ഠിത ചിന്തയോടെ പരമാവധി ലാഭം കൊയ്യുകയെന്നുള്ള വല്ലാത്ത ത്വരയോടെ സ്വകാര്യ ആശുപത്രികൾ നടത്തുന്നവരാണ് ഭൂരിഭാഗവും. സേവ നമെന്ന പദ്മസാരയിൽ പൊതിഞ്ഞ പാഷാണമാണ് മിക്ക സ്ഥാപനങ്ങളും. മരുന്നുകളെക്കുറിച്ചും ചികിൽസാ കാര്യങ്ങളെക്കുറിച്ചുമുള്ള പൊതുവായ അജ്ഞതയും ജനങ്ങളുടെ ജീവൻതന്നെ അപകടത്തിലാക്കുന്ന ഭീതിജനക മായ സാഹചര്യവും മുതലെടുത്താണ് ഇവർ ഈ ചൂഷണം നടത്തുന്നത്. എന്ത് നഷ്ടപ്പെട്ടാലും ഞാൻ അകപ്പെട്ടുപോയ രോഗാവസ്ഥയിൽനിന്ന് രക്ഷ പ്പെടുന്നതിനുള്ള വ്യഗ്രതയുമായിട്ടാണ് ഒരു രോഗി ആശുപത്രിയിൽ എത്തു ന്നത്. ഈ സാഹചര്യത്തിൽ രോഗി ചൂഷണത്തെക്കുറിച്ചോ മറ്റെന്തിനെ യെങ്കിലും കുറിച്ചോ ചിന്തിക്കാവുന്ന മാനസികാവസ്ഥയിൽപ്പോലുമല്ല. സർക്കാർ ആശുപത്രികളുടെ കുറവും നിലവാര തകർച്ചയും സ്വകാര്യ ആശു

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

പത്രികളുടെ കടന്നുകയറ്റത്തിന് കാരണമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ, പ്രത്യേകിച്ച് മലയോര ഗിരിവർഗ്ഗ മേഖലകളിൽ യാതൊരു യോഗ്യതയുമില്ലാത്ത വ്യാജ ഡോക്ടർമാരും, നഴ്സുമാരും, പാരാമെഡിക്കൽ സ്റ്റാഫും പ്രവർത്തിക്കുന്ന ആശുപത്രികൾ വളരെയേറെയാണ്. കേരളത്തിൽ യാതൊരു നിയന്ത്രണവുമില്ലാത്ത, ഒരു അനുമതിയുമാവശ്യമില്ലാത്ത ഒരു മേഖലയാണ് സ്വകാര്യ ചികിൽസാ രംഗം. ഒരു സ്വകാര്യ ആശുപത്രി തുടങ്ങുന്നതിന് ഒരു നിയന്ത്രണവുമില്ലാത്ത ഒരവസ്ഥ ഇവിടെ നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ഒരു ചെറിയ നിയന്ത്രണമല്ലാതെ മറ്റ് യാതൊരു നിയന്ത്രണവുമില്ലാത്ത സ്ഥിതിയാണ് ഇന്ന് സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച് നിലവിലുള്ളത്. ഇവിടെ ഒരു മുറുക്കാൻ കട തുടങ്ങുന്നതിന് പോലും ആവശ്യമായിട്ടുള്ള ലൈസൻസോ ആ നിലയിലുള്ള നിയന്ത്രണമോ ഈ രംഗത്തില്ല എന്നുള്ളത് വളരെ ദുഃഖകരമായ സാഹചര്യമുണ്ട്. ഒരു ബസ് സർവ്വീസ് നടത്തണമെങ്കിൽ പെർമിറ്റ് വേണം, ടാക്സ് അടയ്ക്കണം, പരിശോധനകൾക്ക് വിധേയമായിരിക്കണം. അങ്ങനെയുള്ള ഒരുപാട് നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടേ ഒരു സ്വകാര്യ സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളു. പക്ഷേ ഇവിടെ ഇതൊന്നും ആവശ്യമില്ലാത്ത ഒരു സ്ഥിതിയാണ് സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച് നിലനിൽക്കുന്നത്. ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഗ്രാമീണ മേഖലകളിൽ കൂണുപോലെ മുളച്ചുപൊന്തുന്ന സ്വകാര്യ ഡിസ്പെൻസറികൾ പലപ്പോഴും മനുഷ്യ ജീവനുകളെ കശാപ്പുചെയ്യുന്ന കശാപ്പുശാലകളായി മാറുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. യാതൊരു യോഗ്യതയുമില്ലാത്ത ആളുകൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന് ഇവിടെ ഡോക്ടറായി പ്രവർത്തിക്കുന്ന സാഹചര്യങ്ങളുമുണ്ട്. പലപ്പോഴും എസ്.എസ്.എൽ.സി. പോലും പാസ്സാകാത്ത ആളുകൾ ഓപ്പറേഷൻ നടത്തുകയും ചികിൽസ നടത്തുകയുമൊക്കെ ചെയ്യുന്ന സാഹചര്യം നമ്മുടെ നാട്ടിൽത്തന്നെ ഉണ്ടായിട്ടുണ്ട്. പത്രങ്ങളിലൊക്കെ ഇത് സംബന്ധിച്ച് വാർത്ത വന്നിട്ടുണ്ട്. അത്തരത്തിലുള്ള ഒരുപാട് കഥകളുണ്ട്. അതൊന്നും ഞാൻ പറയുന്നില്ല. ഇക്കാര്യങ്ങളിൽ എങ്ങനെ ഒരു നിയന്ത്രണമേർപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ചാണ് നാം ഗൗരവമായി ആലോചിക്കേണ്ടത്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം. അതോ ക്ലോസ് ചെയ്യുന്നോ? അങ്ങേയ്ക്ക് ഇനി എത്ര മിനിറ്റ് വേണം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഇനി 20 മിനിറ്റെങ്കിലും വേണം.

മി. സ്പീക്കർ : ഇവിടെ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് 40 മിനിറ്റ് ഉണ്ട്. അതുകൊണ്ടാണ് ഇൻസിസ്റ്റ് ചെയ്യാത്തത്. ടൈം ഉണ്ട്; വേണമെങ്കിൽ ക്ലോസ് ചെയ്യാം. അല്ലെങ്കിൽ അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : (ചർച്ച അടുത്ത ദിവസം തുടരാം) (ചർച്ച തുടരും)

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ഫെബ്രുവരി മാസം 28-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു)

1117/2010.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

പത്താം കേരളനിയമസഭ

ബിൽ നമ്പർ 58

1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ, എം.എൽ.എ.
നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരളനിയമസഭ

ബിൽ നമ്പർ 58

1997-ലെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ, നോട്ടീസ് നൽകിയത്)

കേരളത്തിലെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതി നുള്ള

ഒരു

ബിൽ

പീഠിക.- കേരളത്തിലെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടതും ചിട്ടപ്പെടുത്തേണ്ടതും ആവശ്യമാകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയെട്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.-(1) ഈ ആക്ടിനെ കേരള സ്വകാര്യ ആശുപത്രി (നിയന്ത്രണ ബോർഡ്) ആക്ട് എന്ന പേരു പറയാം.

(2) ഇതിനു കേരളം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.- ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.-

(എ) 'ആശുപത്രിസേവനം' എന്നാൽ സ്വകാര്യ ആശുപത്രിയിൽ രോഗചികിത്സയ്ക്കും രോഗശുശ്രൂഷയ്ക്കും വേണ്ടി പ്രതിഫലം വാങ്ങി നൽകുന്ന സേവനവും രോഗിക്കോ രോഗിയുടെ കൂടെനിൽക്കുന്നവർക്കോ വാടകയ്ക്ക് നൽകുന്ന താമസ സൗകര്യമോ കിടക്കയോ രോഗനിർണ്ണയത്തി നുവേണ്ടി നടത്തുന്ന എക്സ്റേ, സ്കാനിംഗ്, ഇ.സി.ജി., ക്ലിനിക്കൽ ടെസ്റ്റ് എന്നിവയോ മറ്റു ചികിത്സാ വിധികളോ ഔഷധങ്ങളോ എന്നർത്ഥമാകുന്നു.

(ബി) 'ഉടമസ്ഥൻ' എന്നാൽ സ്വകാര്യ ആശുപത്രിക്കുവേണ്ടി മുതൽ മുടക്കിയ വ്യക്തിയോ, വ്യക്തികളോ, സഹകരണ സംഘമോ, ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ചുള്ള സൊസൈറ്റിയോ കമ്പനി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത കമ്പനിയോ ഇവർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആളോ എന്നർത്ഥമാകുന്നു.

(സി) 'സ്വകാര്യ ആശുപത്രി' എന്നാൽ സർക്കാരിന്റെയോ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ആഭിമുഖ്യത്തിൽ അല്ലാതെ ഏതെങ്കിലും വ്യക്തിയോ വ്യക്തികളോ സഹകരണ സംഘമോ ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ചുള്ള സൊസൈറ്റിയോ കമ്പനി ആക്ടനുസരിച്ച് രൂപീകൃതമായ ലിമിറ്റഡ് കമ്പനിയോ പ്രതിഫലം വാങ്ങിക്കൊണ്ട് രോഗ ചികിത്സയ്ക്കും രോഗ ശുശ്രൂഷയ്ക്കും വേണ്ടി സ്ഥാപിച്ചു നടത്തിവരുന്ന സ്ഥാപനങ്ങളോ കേന്ദ്രങ്ങളോ എന്നർത്ഥമാകുന്നു.

(ഡി) 'ഗസറ്റ്' എന്നാൽ കേരള ഗവൺമെന്റ് ഗസറ്റ് എന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ടനുസരിച്ചുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(എഫ്) 'ബോർഡ്' എന്നാൽ 3-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന ബോർഡായിരിക്കും.

3. സ്വകാര്യ ആശുപത്രി നിയന്ത്രണ ബോർഡ്.-(1) ഗസറ്റ് വിജ്ഞാപനം മൂലം സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണത്തിനായി 'സ്വകാര്യ ആശുപത്രി നിയന്ത്രണ ബോർഡ്' സർക്കാർ രൂപീകരിക്കുന്നതാണ്.

(2) സർവ്വീസിൽ ഇരിക്കുന്നതോ റിട്ടയർ ചെയ്തതോ ആയ ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ന്യായാധിപൻ ബോർഡിന്റെ ചെയർമാനായിരിക്കും. ബോർഡിലെ മറ്റംഗങ്ങൾ രോഗ ചികിത്സയിലും രോഗശുശ്രൂഷയിലും പ്രാവിണ്യം നേടിയ രണ്ട് പേരായിരിക്കും.

(3) ബോർഡിന്റെ കാലാവധി 3 വർഷമായിരിക്കും.

4. ബോർഡിന്റെ നിയന്ത്രണാധികാരം.- സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം പൊതുജനാരോഗ്യ രംഗത്തെ ഉന്നത മൂല്യങ്ങൾക്കനുസൃതമായിരിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ എല്ലാ നിയന്ത്രണാധികാരവും ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

5. സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ്.-(1) സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ ലൈസൻസ് ആവശ്യമായിരിക്കും.

(2) നിലവിലുള്ള ഓരോ സ്വകാര്യ ആശുപത്രിക്കും ഈ ആക്ട് നടപ്പിലാക്കി മൂന്ന് മാസം തികയുന്ന തീയതിക്ക് മുമ്പായി ലൈസൻസ് വാങ്ങിയിരിക്കേണ്ടതാണ്.

(3) പുതുതായി ഒരു സ്വകാര്യ ആശുപത്രിക്ക് ബോർഡിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല.

(4) സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് ഫീസ് നിർണ്ണയിക്കപ്പെട്ടപ്രകാരം ആയിരിക്കുന്നതാണ്.

6. ലൈസൻസിനുള്ള അപേക്ഷ.-(1) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫോറത്തിൽ നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ലൈസൻസിന് അപേക്ഷിക്കാവുന്നതാണ്.

(2) ലൈസൻസിന് അപേക്ഷ കിട്ടിയാലുടൻ ബോർഡ് വ്യക്തമായി തോന്നുന്ന അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ അപേക്ഷ അനുവദിച്ചുകൊണ്ടോ, നിരസിച്ചുകൊണ്ടോ തീരുമാനമെടുക്കേണ്ടതാണ്.

7. ലൈസൻസ് പുതുക്കൽ.-(1) ഒരിക്കൽ ലൈസൻസ് ലഭിച്ച സ്വകാര്യ ആശുപത്രി ലൈസൻസ് ലഭിച്ച തീയതി മുതൽ മൂന്നുവർഷം അവസാനിക്കുന്ന മുറയ്ക്ക് ലൈസൻസ് പുതുക്കുന്നതിനായി നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ബോർഡ് ആഫീസിൽ നിർണ്ണയിക്കപ്പെട്ട ഫീസോടുകൂടി അപേക്ഷിക്കാവുന്നതാണ്.

(2) ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന അപേക്ഷയിന്മേൽയുക്തമായ അന്വേഷണം നടത്തി ലൈസൻസ് പുതുക്കികൊടുക്കുകയോ നിഷേധിക്കുകയോ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

8. അപ്പീൽ.-(എ) ഒരു സ്വകാര്യ ആശുപത്രിയുടെ ലൈസൻസിനുള്ള അപേക്ഷയോ ലൈസൻസ് പുതുക്കാനുള്ള അപേക്ഷയോ ബോർഡ് നിരസിക്കുന്നപക്ഷം നിരസിക്കുന്ന അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം അപേക്ഷകന് ഗവൺമെന്റിലേക്ക് അപ്പീൽ ഹർജി സമർപ്പിക്കാവുന്നതാണ്.

(ബി) ലഭിക്കുന്ന അപ്പീൽ ഹർജികളിന്മേൽ ഗവൺമെന്റ് യുക്തമായ അന്വേഷണം നടത്തിയശേഷം അപ്പീൽ ഹർജി അനുവദിച്ചുകൊണ്ടോ, നിരസിച്ചുകൊണ്ടോ മറ്റൊരു അന്വേഷണം കൂടി നടത്തി തീർപ്പ് കൽപ്പിക്കാൻ ബോർഡിന് തിരിച്ചയച്ചുകൊണ്ടോ, തീരുമാനം എടുക്കാവുന്നതാണ്.

9. ലൈസൻസ് റദ്ദാക്കൽ.- (എ) ഏതെങ്കിലും സ്വകാര്യ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് രേഖാമൂലം പരാതി ലഭിക്കുകയോ പ്രവർത്തന വൈകല്യത്തെ സംബന്ധിച്ച് മറ്റ് തരത്തിൽ അറിവ് ലഭിക്കുകയോ ചെയ്താൽ യുക്തമായ അന്വേഷണം നടത്തിയശേഷം ബോർഡിന് സ്വകാര്യ ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കാവുന്നതാണ്.

(ബി) ഏതെങ്കിലും സ്വകാര്യ ആശുപത്രി ലൈസൻസ് വാങ്ങിയത് തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ വസ്തുതകൾ മറച്ചു വെച്ചു കൊണ്ടോ ആണെന്നു ബോർഡിനു ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത സ്വകാര്യ ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കാവുന്നതാണ്.

(സി) സ്വകാര്യ ആശുപത്രിയുടെ ലൈസൻസ് റദ്ദാക്കുന്നതിന് മുമ്പ് ഉടമസ്ഥനോ, ആശുപത്രി ജീവനക്കാർക്കോ, ബന്ധപ്പെട്ട മറ്റാർക്കെങ്കിലുമോ പറയാനുള്ളത് കേൾക്കുവാൻ അവസരം നൽകേണ്ടതാണ്.

10. ലൈസൻസ് എടുക്കാതെയോ ലൈസൻസ് പുതുക്കാതെയോ സ്വകാര്യ ആശുപത്രി നടത്തുന്നത് കുറ്റകരമാണ്.- ഏതെങ്കിലും സ്വകാര്യ ആശുപത്രി ലൈസൻസ് എടുക്കാതെയോ ലൈസൻസ് പുതുക്കാതെയോ പ്രവർത്തിക്കുന്നപക്ഷം പ്രസ്തുത സ്വകാര്യ ആശുപത്രിയുടെ ഉടമസ്ഥൻ ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതായി കരുതപ്പെടേണ്ടതും പ്രസ്തുത കുറ്റത്തിന് അമ്പതിനായിരം രൂപവരെയുള്ള പിഴയോ അഞ്ചുവർഷം വരെയുള്ള തടവോ, രണ്ടും കൂടിയോ ശിക്ഷ നൽകാവുന്നതുമാണ്.

11. സ്വകാര്യ ആശുപത്രി ഈടാക്കുന്ന ഫീസ് നിർണ്ണയിക്കാൻ ബോർഡിന് അധികാരം.- (1) ഗസറ്റ് വിജ്ഞാപനം മുഖേന ഒരു സ്വകാര്യ ആശുപത്രി ഈടാക്കുന്ന ഫീസിന്റെ പരമാവധി പരിധി നിർണ്ണയിക്കുവാൻ ഗവൺമെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഗസറ്റ് വിജ്ഞാപനംമൂലം നിർണ്ണയിച്ചിട്ടുള്ള പരമാവധി ഫീസിനേക്കാൾ കൂടുതൽ തുക ഈടാക്കുന്നപക്ഷം ആശുപത്രിയുടെ ഉടമസ്ഥൻ നിർണ്ണയിക്കപ്പെട്ടപ്രകാരം ഉള്ള ശിക്ഷയ്ക്കു വിധേയനാകുന്നതാണ്.

(3) ആശുപത്രി സേവനത്തിന് ഈടാക്കുന്ന ഫീസിന് ഇനം തിരിച്ച് നിർണ്ണയിക്കപ്പെട്ടപ്രകാരം രസീതു നൽകേണ്ടതാണ്.

12. ബോർഡിന് സ്വകാര്യ ആശുപത്രി പരിശോധിക്കുവാനുള്ള അധികാരം.- (1) ബോർഡ് ചെയർമാനോ അംഗങ്ങൾക്കോ ബോർഡ് രേഖാമൂലം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒരു സ്വകാര്യ ആശുപത്രിയിൽ ഏത് സമയത്തും കടന്ന് ചെല്ലാവുന്നതും പ്രസ്തുത ആശുപതിയുടെ പ്രവർത്തനം പരിശോധിക്കാവുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) ഈ വകുപ്പനുസരിച്ച് ഒരു സ്വകാര്യ ആശുപത്രി പരിശോധിക്കുന്നവർക്ക് 1984-ലെ ക്രിമിനൽ നടപടി നിയമപ്രകാരം തെളിവെടുപ്പും സാക്ഷി വിസ്താരവും നടത്തുന്ന ഒരു കോടതിക്കുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ബോർഡോ, ബോർഡ് രേഖാമൂലം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആവശ്യപ്പെടുന്നപക്ഷം പോലീസ് വകുപ്പ് ആവശ്യമായ സഹായം നൽകേണ്ടതും യുക്തിസഹമായ ശക്തി പ്രയോഗിക്കാവുന്നതും ബലപ്രയോഗം നടത്താവുന്നതുമാകുന്നു.

13. സ്വകാര്യ ആശുപത്രിക്കുള്ള അവകാശാധികാരങ്ങൾ.-ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനംവഴി നിർണ്ണയിക്കപ്പെടുന്ന അവകാശാധികാരങ്ങൾ സ്വകാര്യ ആശുപത്രിക്ക് വിനിയോഗിക്കാവുന്നതാണ്.

14. ബോർഡിന്റെ സെക്രട്ടറിയും മറ്റു ജീവനക്കാരും- (1) ബോർഡിന് ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചെയർമാനുമായി ആലോചിച്ച് ബോർഡിന്റെ മുഴുൽടൈം സെക്രട്ടറിയായി നിയമിക്കാവുന്നതാണ്.

(2) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മറ്റു ജീവനക്കാരെ ഗവൺമെന്റുമായി ആലോചിച്ച് ബോർഡിന് നിയമിക്കാവുന്നതാണ്.

(3) മറ്റു ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഗവൺമെന്റുമായി ആലോചിച്ച് ബോർഡ് നിർണ്ണയിക്കേണ്ടതാണ്.

15. ചട്ടങ്ങൾ.-(1) ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഈ ആക്ട് നടപ്പാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഗവൺമെന്റിന് ഉണ്ടാക്കാവുന്നതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

ഇപ്പോൾ കേരളത്തിന്റെ പല ഭാഗത്തും സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതും സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്ത് നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നുമുണ്ട്. എന്നാൽ പല സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്ക് അമിതമായ ഫീസീടാക്കുന്നതായും രോഗികൾക്ക് ആവശ്യംവേണ്ടാത്ത ചികിത്സയ്ക്ക് അവരെ വിധേയമാക്കുന്നതായും പരക്കെ ആക്ഷേപം ഉണ്ട്. ഈ സ്ഥിതി നിയന്ത്രിക്കുന്നതിനും സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലാണെന്ന് ഉറപ്പ് വരുത്താനും നിയമ നിർമ്മാണം ആവശ്യമാണ്.

ധനകാര്യ മെമ്മോറാണ്ടം

ബോർഡ് ചെയർമാന്റെയും അംഗങ്ങളുടെയും പ്രതിഫലത്തുക, സെക്രട്ടറിയുടെയും, മറ്റു ജീവനക്കാരുടെയും ശമ്പളം, ബത്ത, യാത്രാചെലവ്, ഓഫീസ് ചെലവ് എന്നിവയും പൊതുഫണ്ടിൽ നിന്നും നൽകേണ്ടിവരും. ഈ തുകയിൽ ഒരംശം ലൈസൻസ് ഫീസിനത്തിൽ നിന്നും ലഭിക്കുമെങ്കിലും ബാക്കി തുക സഞ്ചിതനിധിയിൽ നിന്നുതന്നെ ചെലവഴിക്കേണ്ടിവരും. ഈ തുക എത്രയായിരിക്കുമെന്ന് ഇപ്പോൾ കൃത്യമായി കണക്കാക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രി ലൈസൻസ് ലഭിക്കാനുള്ള ഫീസ്, ലൈസൻസിന് അപേക്ഷിക്കാനുള്ള ഫോറം, അപ്പീൽ ഹർജി സമർപ്പിക്കേണ്ട രീതി, ഈടാക്കാവുന്ന പരമാവധി ഫീസ് ലൈസൻസ് ലഭിച്ച സ്വകാര്യ ആശുപത്രിക്കുള്ള അവകാശങ്ങൾ, ബോർഡ് ചെയർമാന്റെയും അംഗങ്ങളുടെയും പ്രതിഫലം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഈ ആക്ട് പ്രകാരം നിർണ്ണയിക്കപ്പെടേണ്ട മറ്റ് ഏതെങ്കിലും കാര്യം ഉണ്ടെങ്കിൽ അത് എന്നിവയെപ്പറ്റി ചട്ടങ്ങൾ നിർണ്ണയിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്.

ഈ ചട്ടങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കാനും അത് വേണ്ടവിധത്തിൽ ഭേദഗതി ചെയ്യാനും നിയമസഭാ നടപടിചട്ടപ്രകാരം സഭയ്ക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

ചട്ടം ഉണ്ടാക്കുവാൻ നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തോടുകൂടിയതും ദൈനംദിന ഭരണത്തിന്റെ പരിധിയിൽപ്പെടുന്നവയുമാണ്.

പി.പി. സുലൈമാൻ റാവുത്തർ

LIBRARY ARCHIVES Kerala Legislative Assembly